# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1028** 06.06.2018 -ലെ മറുപടി

## ഡാമുകളിൽ നിന്ന് മണൽ വാരൽ

### ചോദ്യം

**ശ്രീ.വി.കെ.സി.മമ്മത് കോയ**

കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞുകൂടുന്ന മണൽ വാരി മാറ്റുന്നതിന് ഇപ്പോൾ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### മറുപടി

മാത്യു.ടി തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവസ്ഥിതിയിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനുമുള്ള ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) സ.ഉ.(എം.എസ്) നം.79/2017/ജവിവ തീയതി 26/09/2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ എസ്.ഒ.പി-യിലെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകുകയുണ്ടായി. ഈ ഡാമുകളിലെ റിസർവോയറുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കലിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായുള്ള സാമ്പിളുകൾ ശേഖരിക്കുന്ന പ്രവർത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെയും വിവിധ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയും (KERI) ഏൽപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള സാമ്പിൾ ശേഖരണവും അനാലിസിസും മംഗലം, ചുള്ളിയാർ എന്നീ അണക്കെട്ടുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ചുള്ളിയാർ റിസർവോയറിലെ ഡീസിൽറ്റേഷനു വേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കൽ പൂർത്തീകരിക്കുകയും മംഗലം റിസർവോയറിലെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ പുരോഗമിക്കുകയും ചെയ്യുന്നു. മറ്റ് ആറ് ഡാമുകളിൽ മേൽപറഞ്ഞപ്രകാരം ഡിസിൽറ്റേഷൻ നടത്തുന്നതിനുള്ള പര്യവേഷണപ്രവർത്തികൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ